മിസ്റ്റർ കെ. എസ്സ്. പണിക്കർ: വലിയ കൃഷിക്കാക്കും സുഖജീവിതം അനുഭവിച്ചുകൊണ്ടിരിക്കുന്നവക്കും അതു കുറെ പ്രയാസമായിട്ടു തോന്നും. ഗവമ്മെണ്ടിൽനിന്നും റേഷൻ പ്രകാരം കൊടുക്കുന്ന അരി ഉണ്ണാനുള്ള സന്നദ്ധത എല്ലാവരും കാണിക്കണം. അതിലേക്കു റേഷൻകാർഡുപ്രകാരമുള്ള അരി അവരുടെ കയ്യിൽതന്നെ നിറുത്തിയാൽ മതി. അതിനു് ഒരു വ്യവസ്ഥ ആവശ്യമാണു്. ഒരു യൂണിറ്റു കൊടുത്തുവരുന്നതു പോരാ എന്നുണ്ടെങ്കിൽ രണ്ടു യൂണിറ്റു കൊടുത്താലും വിരോധമില്ല. അങ്ങിനെയുള്ള റേഷൻ നിശ്ചയിച്ചു് അതുപോയും നെല്ലു് അവരുടെ കയ്യിൽതന്നെ നിറുത്തുക. അതുകഴിച്ചു ബാക്കിയുള്ള നെല്ലു് ഗവമ്മെണ്ടിലേക്കെടുത്തു വിഭജനം നടത്തുക.

മിസ്റ്റർ എം. എം. പോൾ: നെല്ലു മുഴുവൻ ഗവമ്മെണ്ടിലേക്കെടുത്തിട്ടു് എല്ലാവർക്കും റേഷൻകാർഡു കൊടുക്കണമെന്നാണോ പറയുന്നതു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷി നടത്തുന്നകാലത്തും കൊയ്ത്തുകാലത്തും നെല്ലായിട്ടു കൂലിയും ഉച്ചക്കു കഞ്ഞിയും കൊടുക്കണം. അതിനുള്ള നെല്ലുംകൂടി കർഷകനു കൊടുക്കണം. നെല്ലു ധാരാളമുണ്ടാകണമെങ്കിൽ അവർ പണിയെടുക്കണം. അതുകൊണ്ടു് അവരെ ഈ കാര്യത്തിൽ വിസ്മരിക്കരുതു്. അവരുടെ ആവശ്യങ്ങൾക്കുള്ളതു വകവെച്ചുകൊടുക്കണം. സർപ്ലസ് താലൂക്കായ ചിറ്റൂർ താലൂക്കിലുള്ളവർ ആനക്കൊമ്പനരിയും മറ്റുമാണു് തിന്നു ശീലിച്ചിട്ടുള്ളതു്. അവരുടെ കയ്യിൽനിന്നും മുഴുവൻ നെല്ലും എടുത്തിട്ടു് നമ്മൾ തിന്നുന്ന അരി അവരേയും തിന്നുവാൻ വിടുന്നതു ശരിയല്ല. അവരുടെ ആവശ്യം കഴിഞ്ഞു ബാക്കിയുള്ള നെല്ലുമാത്രം ഇങ്ങോട്ടു കൊണ്ടുവരികയാണെങ്കിൽ ട്രാൻസ്പോർട്ടു ചാർജ്ജും കുറെ കുറയും. സാധുക്കളുടെ ആവശ്യത്തിനു നെല്ലു കിട്ടാതെവരുമ്പോഴാണു് അവർ ബ്ലാക്കു മാർക്കറ്റുവഴി നെല്ലു വാങ്ങുന്നതു്. രഹസ്യക്കച്ചവടം, അല്ലെങ്കിൽ കരിഞ്ചന്ത, അതുമല്ലെങ്കിൽ ഇരുട്ടത്തുവെച്ചു നടത്തുന്ന കള്ളക്കച്ചവടം ഇതിനാണു് ബ്ലാക്കു മാർക്കറ്റു് എന്നു പറയുന്നതു്. എത്ര വില കൊടുത്താലും വേണ്ടില്ല, നെല്ലു കിട്ടണമെന്നുള്ള വഴിയിൽക്കൂടിയാണു് ഇപ്പോൾ അധികം ആളുകളും ജീവിച്ചുവരുന്നതു്. അവർക്കു നെല്ലു കിട്ടുവാനും വഴിയുണ്ടാകുന്നുണ്ടു്. അതിനുള്ള കാരണമെന്താണെന്നുവെച്ചാൽ ഗവമ്മെണ്ടിലേക്കു് ഒരു പറ നെല്ലു കൊടുത്താൽ ഒരു ഉറുപ്പിക ആറണയാണു് കർഷകനു കിട്ടുന്നതു്. അതും നെല്ലു വാങ്ങുമ്പോൾ കൊടുക്കുന്നില്ല, നെല്ലു് അളവെടുത്തു് ഒരുറുപ്പിക ആറണക്കുള്ള രസീതാണു് അവർക്കു കൊടുക്കുന്നതു്. ആ രസീതുംകൊണ്ടു് തഹശീൽദാർ എവിടെയാണു്, പാഡി പർച്ചേസിങ്ങു് ആഫീസർ എവിടെയാണു് എന്നു നോക്കി പിടിച്ചു് അവരെ കണ്ടിട്ടുവേണം വില കിട്ടുവാൻ. രണ്ടാമതു് ഒരുപറ നെല്ലു കരിഞ്ചന്തയിൽ വാങ്ങിച്ചാൽ ആറിടങ്ങഴി അരി കിട്ടുകയും ചെയ്യും. എന്റെ സ്നേഹിതൻ മിസ്റ്റർ പി. പി. ദേവസ്സി പറഞ്ഞതുപോലെ ഗവമ്മെണ്ടിനു് ഇപ്പോൾ നെല്ലു വിറ്റാൽ വില വളരെ കൂടുതൽ കിട്ടുന്നുണ്ടു്. അതിന്റെ പ്രോഫിറ്റു ഗവമ്മെണ്ടിനാണു്. കച്ചവടക്കാർ കൂടുതൽ പ്രോഫിറ്റു് എടുക്കുന്നതിനേക്കാൾ വലിയ ശിക്ഷയാണു് ഗവമ്മെണ്ടു് പ്രോഫിറ്റു് എടുക്കുമ്പോൾ കൊടുക്കേണ്ടതു്. പ്രോഫിറ്റിറിങ്ങു് നടത്തുന്നതു ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെണ്ടാണം". മുമ്പിലത്തെ രീതിയിൽ രണ്ടണയും ഒരുനേരത്തെ കഞ്ഞിയും കൊടുത്താൽ പോരാ ഇന്നു കുലിക്കാക്കു". അവക്കു" ഇന്നത്തെ നിലയിൽ ഒരു ഉറപ്പികയും ഒരുനേരത്തെ കഞ്ഞിയും കൊടുക്കണം. ആവിധത്തിൽ കൃഷിക്കാരുടെ ചിലവും വല്ലിച്ചിട്ടുണ്ടു". ഇപ്പോഴത്തെ കാലസ്ഥിതിയനുസരിച്ചു നോക്കുകയാണെങ്കിൽ ഗവമ്മെണ്ടു" ഇപ്പോൾ അവസാനമായി കൊടുത്തിരിക്കുന്ന കണക്കുകൊണ്ടു" ഒരു ഉറപ്പിക 4 0 അണയേ ഒരു കൃഷിക്കാരനു കൊടുക്കുന്നുള്ളു. എങ്കിലും അരിയുടെ വില ഒരിക്കലും കൂട്ടേണ്ട ആവശ്യമില്ല. ഗവമ്മെണ്ടിനു കിട്ടുന്ന അമിതാദായത്തിൽനിന്നു" ഒരു തുക കൃഷികൾക്കു കൊടുക്കുന്നുവെന്നേയുള്ളു. നെല്ലു" സകല ആളുകളുടേയും പക്കൽനിന്നു" എടുക്കണം. നെല്ല കൈവശമുള്ളവക്കും റേഷൻപ്രകാരമുള്ള നെല്ല കഴിച്ചു ബാക്കിയുള്ളതു മഴവനും ഗവമ്മെണ്ടിലേക്കെടുക്കണം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഇപ്പോൾ എല്ലാവരും ഗവമ്മെണ്ടിലേക്കു നെല്ലു കൊടുക്കുന്നില്ലേ ?

മിസ്റ്റർ കെ. എസ്സു". പണിക്കർ : എന്റെ അനുഭവത്തിൽ എൺപതിനായിരത്തിൽ ചിലപ്പാനം പറ നെല്ലുള്ള ഒരാൾ വ്യം പറയോളമേ കൊടുത്തിട്ടുള്ളു. ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനായി ഒരു പ്രാദേശിക കമ്മിറ്റിയെ നിയമിക്കണമെന്നു കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽവെച്ചു പറയുകയുണ്ടായി. ആ പ്രാദേശിക കമ്മിറ്റിയിൽ നിസ്പാർത്ഥമായും ആത്മാർത്ഥമായും പണിയെടുക്കുവാൻ സന്നദ്ധതയുള്ളവരായിരിക്കണം അംഗങ്ങളാകേണ്ടതു". എന്തെങ്കിലും ഒരു കാര്യം വിജയപ്രദമായി ഗവമ്മെണ്ടിനു നടത്തണമെങ്കിൽ അതിലേക്കു പൊതുജനങ്ങളുടെ സഹായം വേണം. പൊതുജനസഹായം കൂടാതെ ഗവമ്മെണ്ടിനു തന്നത്താൻ അഭിനന്ദനാഹ്രാകുവാൻ സാധിക്കുകയില്ല. ഗവമ്മെണ്ടിനെ ആക്ഷേപിക്കുവാൻ മാത്രം നമ്മളും സന്നദ്ധരായാൽ പോരാ. ഈവക കാര്യങ്ങളിൽ പൊതുജനങ്ങളുടെ സഹായമാണു" അത്യാവശ്യമായിട്ടുള്ളതു". അതുകൊണ്ടു പൊതുജനങ്ങളും അവരവരുടെ ചുമതലകളും ശരിയായി മനസ്സിലാക്കി പ്രവൃത്തിക്കണം. അങ്ങിനെ പ്രവൃത്തിക്കുവാൻ ഒരുക്കമുള്ള ഓരോ കമ്മിറ്റികളും വില്ലേജുകളുംതോറും സ്ഥാപിക്കേണ്ടതാണു". ഫെയർ പ്രൈസ് ഷാപ്പുകളിൽ വല്ല അഴിമതികളും നടക്കുന്നുണ്ടോ : ഗവമ്മെണ്ടിന്റെ നിയന്ത്രണമില്ലാതെ വ്യാജമായി വല്ല കള്ളക്കച്ചവടങ്ങളും നടക്കുന്നുണ്ടോ എന്നുള്ളതെല്ലാം മനസ്സിലാക്കി അധികൃതസ്ഥാനങ്ങളിൽ അപ്പോഴപ്പോൾ അറിവുകൊടുക്കുകയും, ഗവമ്മെണ്ടിലേക്കു വേണ്ട ഉപദേശങ്ങളും കൊടുക്കുകയും ചെയ്യുന്നതായാൽ അതു വളരെ ഉപകാരപ്രദമായിരിക്കും. ഇപ്പോൾ ഗവമ്മെണ്ടിലേക്കു നെല്ലു വാങ്ങുവാൻ പോകുന്ന ആളുകൾക്കു" അതിനെ സംബന്ധിച്ചു യാതൊരു പരിചയവുമില്ല. കൃഷിയെന്നു പറഞ്ഞാൽ അതു വെട്ടമരുന്നോ പറിമരുന്നോ എന്നുപോലും നിശ്ചയമില്ലാത്തവരാണു" അവർ. ബഹുമാനപ്പെട്ട തത്തമംഗലം മെമ്പർ പറഞ്ഞതുപോലെ വാഴ്ത്തുവിതക്കുവേണ്ടി വെച്ചിട്ടുള്ള നെല്ലുംകൂടി ചാക്കിലാക്കി കെട്ടും. അതു ചാക്കിലിരുന്നതന്നെ മുളച്ചുതുടങ്ങിയിരിക്കും. വെള്ളത്തിൽനിന്നും വാരിയെടുത്ത നെല്ലിനുംകൂടി ഒരേതരത്തിലാണു വില. വെള്ളം തൊടാതെ നല്ലവണ്ണം ഉണക്കി പതിരുചേറ്റി വെച്ചിട്ടുള്ള നെല്ലിനും ആ വിലതന്നെ. നെല്ലു" എടുക്കുമ്പോൾ അതിൽ പരിചയമുള്ളവരുടെ മേൽനോട്ടത്തിൽ നെല്ലിന്റെ തരം നോക്കി അതിന്റെ താരതമ്യേനയുള്ള വില നിശ്ചയിക്കണം. ഒരു പറ നെല്ല വാങ്ങിയാൽ അതു രണ്ടിടങ്ങഴി അരിയാകാതിരിക്കുന്ന നിലയിലുള്ളതായിരിക്കണം. അതിനു പ്രത്യേകിച്ചു പരിചയമുള്ള ആളുകൾതന്നെ വേണം. വിത്തിന്റെ കാര്യത്തിൽ ചെമ്പാവു", ചീര ഇങ്ങിനെ പുഞ്ചക്കും കോളിനും ഓരോ ഇനം വിത്തുകളാണു" ഉപയോഗിക്കുന്നതു". ഇതു രണ്ടുംകൂടി കൂട്ടിക്കലത്തിയാലുള്ള ബുദ്ധിമുട്ടു" എന്താണെന്നു" അതിൽ പരിചയമുള്ള കർഷകർ മാത്രമേ അറിയുകയുള്ളു. ചെമ്പാവായിരിക്കും ആദ്യം കതിരു വരുന്നതു". ചീര മുഴുവൻ അതേസമയത്തുതന്നെ ചാഴിവീണു പതിരാകും. ഇങ്ങിനെ പല കുഴപ്പങ്ങളുമുണ്ടു". അതുകൊണ്ടു" വിത്തും നെല്ലും വാങ്ങുന്നതിനു പരിചയമുള്ള ആളുകളെ നിയമിക്കുന്നതു നന്നായിരിക്കും.

മിസ്റ്റർ സി. വി. ഐയ്യു : ബഹുമാനപ്പെട്ട മുകുന്ദപുരം ഈഴവമെമ്പർ ഒന്നു" അറിയിച്ചാൽ കൊള്ളാം ആരാണു വിത്തു വാങ്ങിക്കുന്നതു" എന്നു".

മിസ്റ്റർ കെ. എസ്സു". പണിക്കർ : തഹശീദാർമാരാണു".

ഇതുകൂടാതെ കൊയ്ത്തുകാലത്തു കൊയ്ത്തുകഴിഞ്ഞു അതുത്തിയിൽകൂടി കാറ കൊണ്ടുപോകുമ്പോൾ അതിനു പെർമിറ്റു മേടിക്കുക എന്നൊരു സമ്പ്രദായമുണ്ടു". യഥാർത്ഥത്തിൽ അതുത്തിയിൽകൂടി കൊണ്ടുപോകുന്നതിനു പെർമിറ്റു മേടിക്കുന്നതു മുഴുവൻ വ്യാജമാണു".

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കള്ളത്തരം മനസ്സിലാക്കാതെയാണ് പെർമിറ്റ കൊടുക്കുന്നത്. പുഴയിൽക്കൂടി കൊണ്ടുപോകവാൻ പെർമിറ്റ വാങ്ങീട്ട അവർ പുഴയുടെ അക്കരക്ക കടത്തും കാറയൊക്കെ. ഇതൊന്നു ശ്രദ്ധിക്കാതെ പെർമിറ്റ കൊടുത്തുപോകരുത്.

ഇനി കൊള്ളിക്കിഴങ്ങിന്റെ കായ്യും പറയുകയാണെങ്കിൽ അതു സൂക്ഷിക്കുവാനുള്ള സമ്പ്രദായം തിരുവിതാംകൂറിൽ ചെയ്യുവരുന്നതുപോലെ നമുക്ക പരിചയമില്ല. പച്ച കൊള്ളിക്കിഴങ്ങ എത്ര ദിവസംവരെ കേടുകൂടാതെയിരിക്കും, അതു എങ്ങിനെ സൂക്ഷിക്കണം എന്നു നമ്മുടെ രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാക്ക അറിഞ്ഞുകൂടാ. സാധാരണ പച്ചക്കിഴങ്ങ രണ്ടു ദിവസം കഴിഞ്ഞാൽ കേടുവരും. അതു അധികകാലം വെച്ചു സൂക്ഷിക്കണമെങ്കിൽ വാട്ടി ഉണക്കുന്ന ഒരു സമ്പ്രദായം തിരുവിതാംകൂറിൽ നടത്തിവരുന്നുണ്ട്. ആ രീതിയിൽ ഇവിടെയും വാട്ടി ഉണക്കി സൂക്ഷിക്കയാണെങ്കിൽ വളരെക്കാലം വെച്ചിരിക്കുവാൻ സാധിക്കും. കിഴങ്ങു പറിക്കുവാനുള്ള കാലത്തു പറിക്കുവാൻ സാധിക്കാതെ വന്നിട്ട പലക്കും വളരെ നഷ്ടം നേരിട്ടിട്ടുണ്ട്. അതു പരിചയക്കുറവുകൊണ്ടുവരുന്നതാണ്. അതുകൊണ്ട് ഈ വക ദോഷങ്ങളും വരാതിരിക്കുവാനായി പ്രത്യേകം ശ്രദ്ധിക്കണം. അതിനുവേണ്ട പരിചയം സമ്പാദിക്കണം. പിന്നെ കൊള്ളിക്കിഴങ്ങു പുഴുങ്ങി വില്ക്കുന്ന ഒരു സമ്പ്രദായം ഇവിടെയുണ്ട് അതുതന്നെ ഉപജീവനമാർഗ്ഗമായി ചെയ്യുവരുന്നവർ ധാരാളമുണ്ട്. അതുകൊണ്ട് ഒരു മന്നു കിഴങ്ങുവരെ പുഴുങ്ങി വില്ക്കുന്നതിനു പെർമിറ്റ വേണ്ടെന്നു വെച്ചാൽ അതു സാധുക്കളെ സംബന്ധിച്ചിടത്തോളം വലിയ ഉപകാരമായിരിക്കും.

കള്ളത്തരങ്ങൾ നടത്തുന്നവരെ പിടിക്കുവാൻവേണ്ടി ക്രമസമാധാനപരിപാലനത്തിന്റെ ഒരു സംസാരം ഇവിടെ ഉണ്ടായല്ലോ. അതിനു നിയമിക്കുന്ന ആളുകൾ ആ ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽതന്നെയായിരിക്കണം. അങ്ങിനെയുള്ള കള്ളത്തരങ്ങൾ കാണിക്കുന്നവരെ കണ്ടുപിടിച്ചു ശിക്ഷിക്കുവാനുള്ള മുഴുവൻ അധികാരവും അതേഡിപ്പാർട്ടുമെണ്ടിനുതന്നെ കൊടുക്കണം. അല്ലാതെ പലരുടേയും കീഴിൽ അതിന്റെ ഭരണാധികാരം കൊടുത്താൽ അതു തൃപ്തികരമാകയില്ല. പാബ്ലോലിക്ക എല്ലാ ഭരണാധികാരികളേയും ഒരേസമയത്തു തൃപ്തിപ്പെടുത്തുവാൻ വളരെ പ്രയാസമുള്ളതാണല്ലോ. അതുകൊണ്ട് അതിനുവേണ്ടി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ മുഴുവൻ ഫുഡ് സപ്ലൈ ഡയറക്ടരുടെ കീഴിൽതന്നെയായിരിക്കണം. വലിയവർ ചെറിയവർ എന്നുള്ള വ്യത്യാസംകൂടാതെ വലിയവരായാലും ചെറിയവരായാലും കണ്ടയിടത്തുവെച്ചു പിടിച്ചുതറക്കണം. ഇതു വളരെ ഗൌരവമുള്ള ഒരു സംഗതിയായി വിചാരിക്കണം. ഈ വക നിർദ്ദേശങ്ങളാണ് ഇതിനെ സംബന്ധിച്ചു എനിക്ക പറയുവാനുള്ളതു.

Mr. K. M. Ibrahim *(Cranganur)*: Sir, the Hon'ble Mover of this proposition was finding fault with me for having asked him why the particular instance of corruption mentioned by him in this House was not taken up by him outside the House. I think Sir, that is indeed a cogent matter on which the House wants enlightenment. The particular instance referred to an excise servant who it was alleged earned about Rs. 11,000 by this nefarious practice of the black market, it is said. And I natuarally asked him whether any steps regarding this matter which came to his personal knowledge was inaugurated by him outside this House. In this matter apart from the fact that he did not mention the name of the particular individual or the particular details of the officer, I stand on a vital matter of public importance namely that the leaders of the public and the representatives of the public and public men like ourselves who handle, who launch criticisms on such matters, have got a double duty thrown on us, that we must see that law takes its course when such deviations are made, outside the House, by individual culprits, and when they come to our notice, we shirk this duty and then we come to the House and find fault with the Government for the mishap that has happened through our own default. Public men who come here and find fault with those miscreants who brake the law have also a double duty thrown on them to expose them whenever particular instances come to their notice. Without discharging that duty we come here and make vague allegations.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Not vague, but specific.

Mr. K. M. Ibrahim *(Cranganur)*: I wish particularly to call the attention of the House to the vagueness of the allegation. When our Government Secretary who deviating from his usual smiling face in a very enthusiastic tone asked the Gentleman to give out the name of the person concerned, so that action can be taken immediately to stop such practice, it was not given out. It is a vital matter of administration to get particular instances of corruption because then only can they take action, and then public men like us hesitate to do our duty and show unpardonable pity from a mistaken notion of our own responsibility; we indulge in such moods of mercy.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Question, Question.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Ibrahim *(Cranganur)*: We refuse to discharge our duty and come here and make vague allegations, without discharging our responsibility, I say, that it does not lie in our mouths to come here and to make such talk, when we ourselves have not discharged our responsibility.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Some mouths are shut.

Mr. K. M. Ibrahim *(Cranganur)*: Just as he refused to give way to me in the morning to make some remarks, I request him to give me way to finish my arguments.

Sir, I think that it is not proper for the Hon'ble members of this House after having failed in the discharge of their duty in booking the culprits, to come here and say that the Government have failed in the discharge of their duty. The leaders of the public, public men like ourselves have failed in booking the culprits, and so it does not lie in our mouths to find fault with the Government.

It is up to the Government, Sir, to know the concrete instances of improvement that can be effected, which have been thrown on the floor of this House by the representatives of the public. I do not say that the rationing scheme has been worked to its maximum perfection. For that matter, no other Department of the Government can we say has been worked to its maximum perfection. For example, the Education Department, the Public Works Department, or any other item or any other Department of the administration has reached the maximum perfection which we are aspiring. But it will take some time for the ideal to be reached. In the same way, this rationing scheme has not reached the perfection and it is our duty to co-operate with the Government to take it to that perfection stage to which we are aspiring. The concrete instances where the Government should take action, for example are that the rationing quantum may be increased, so that we may be on a par with the neighbouring British India and the price also may be reduced, so that we may be on a par with the rates obtaining there. We can say that because of the rationing scheme, things are much better here than in some other places. The various other matters of importance which the representatives of the public have already ventilated here should receive the careful attention of the Government and they should see that whatever possible is done in the immediate future. I can assert on the floor of this House that when compared with our very neighbourhood, when compared to the conditions available in our very next door, because of the rationing scheme, things are far better off here. It is up to us to co-operate with the Government and see that the defects, if any are seen in the administration of the scheme, are removed. I only request that the public should also support the Government in this march to perfection, rationing perfection. With these words, I conclude.

മിസ്സിസ് കെ. ജോഷ്വാ: ഇന്നത്തെ ഭക്ഷണപ്രശ്നത്തെപ്പറ്റി പല ബഹുമാനപ്പെട്ട മെമ്പർമാരും വളരെനേരം പ്രസംഗിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും എനിക്കും ഇതിനെ സംബന്ധിച്ച് ഒന്നുരണ്ടുവാക്കു പറയേണ്ടതു് അത്യാവശ്യമാണെന്നു തോന്നുന്നു. ഇന്നത്തെ ഫുഡ്സിറ്റുവേഷൻ വളരെ ശോചനീയമായ നിലയിൽ വരുവാൻ കാരണം ബ്ലാക്കു മാർക്കറ്റാണു്. ഗവർമ്മെണ്ടിന്റെ കമാൻറിയറിംഗിലുള്ള നിഷ്കർഷയില്ലായ്മയാണു് ബ്ലാക്കു മാർക്കറ്റിനു കാരണമായിട്ടുള്ളതു്. ക്ഷാതെ കഷ്ടകരമായ ശോചനീയമായ നിലയും അതിനു മറെറാരു കാരണമാണു്. വല്ലപ്രകാരത്തിലും നെല്ലു് കിട്ടണമെന്നുമാത്രമേ ഗവർമ്മെണ്ടു് വിചാരിക്കുന്നുള്ളൂ. അങ്ങിനെ വിചാരിച്ചു് മനുഷ്യരെ ക്ഷീണംപ്പെടുന്നതായാൽ അതു് ഒരിക്കലും ന്യായമായിരിക്കയില്ല. കൃഷിക്കാവശ്യമായ സകല സാധനങ്ങളും കൺട്രോൾലികളും വാങ്ങുവാൻ അവയുടെ വില വർദ്ധിച്ചിരിക്കുമ്പോൾ അവർക്കു് ഗവർമ്മെണ്ടു് ഇപ്പോൾ കൊടുക്കുന്നതിലും കൂടുതലായി നെല്ലിനു വില കൊടുക്കേണ്ടതാണു്. അതിൽ രണ്ടുപക്ഷമുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഗവർമ്മെണ്ടിൽനിന്നും ദയവുചെയ്തു് കൃഷിക്കാർക്കു നെല്ലിന്റെ വില വർദ്ധിപ്പിച്ചുകൊടുക്കുകയും, ഗവർമ്മെണ്ടിന്റെ കമാൻറിയറിംഗ് കുറെകൂടി കർശനമായി നടത്തി ബ്ലാക്കുമാർക്കറ്റിങ്ങു് ഇല്ലാതെയാക്കി പൊതുജനങ്ങളെ പട്ടിണിപിശാചിൽനിന്നും മോചിപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: സർ, ഭക്ഷണശേഖരണവിതരണ പദ്ധതി ഇവിടത്തെ ഗവർമ്മെണ്ടു് അംഗീകരിച്ചിട്ടുള്ളതു് മറുഭാഗങ്ങളെ അപേക്ഷിച്ചു് ആശാസ്യമാണെന്നു് പലരും പറഞ്ഞിട്ടുണ്ടു്. എന്റെ അനുഭവവും ഏതാണ്ടു് അങ്ങിനെതന്നെയാണു്. ഈ കാര്യത്തിൽ ഇവിടത്തെ ഭരണാധികാരികളും അഭിനന്ദനാർഹരാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ അതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നതു് ശരിയാണെന്നു് തോന്നുന്നില്ല. ഗവർമ്മെണ്ടു് ആസ്പത്രിയിൽ രോഗശയ്യയിൽ കിടക്കുന്ന ആളുകളും തമ്മിൽ, തമ്മിൽ "എന്നെക്കാളും രോഗം കൂടുതലാണു് മറുള്ളവർക്കു്, അതുകൊണ്ടു് എന്റെ സ്ഥിതി കുറച്ചു ഭേദമാണു്" എ

LIBRARY ARCHIVES Kerala Legislative Assembly

ന്ന പറയുന്നതുപോലെയുള്ള ഒരു അനുഭവം മാത്രമെ മറവരാജ്യങ്ങളേയും ഇൻഡ്യയുടെ മറവ ഭാഗങ്ങളേയും അപേക്ഷിച്ച് കൊച്ചിയിലെ സ്ഥിതി ആശാസ്യമാണെന്ന് പറയുന്നതിൽഉണ്ടാകുന്നുള്ളു. ഈ ശേഖരണ വിതരണകാര്യങ്ങളും കുറെകൂടി കാര്യക്ഷമമായ വിധത്തിൽ പ്രവൃത്തിയിൽ വരുത്തണമെന്നുണ്ടെങ്കിൽ ഒന്നാമതായിട്ടവേണ്ടതു് ഇതിനെ സംബന്ധിക്കുന്ന വ്യവസ്ഥകളാണു്. നെല്ലു് ഉണ്ടാകുന്നവരിൽനിന്നോ, ഉണ്ടാകുന്ന സ്ഥാപനങ്ങളിൽനിന്നൊ, പിരിച്ചെടുക്കാതെകണ്ടു് വിതരണത്തിനു് വേണ്ടതായ നെല്ലു് ഉണ്ടാവുകയില്ലെന്നുള്ളതു് തീർച്ചയാണു്. നെല്ലു് ആദായം വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും എല്ലാ വ്യക്തികളിൽനിന്നും ഒരെ നിരക്കനുസരിച്ചു് പിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥകളും ഇതുവരെ ശരിയായിട്ടു് അംഗീകരിച്ചിട്ടില്ലെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. സാധാരണയായിട്ടു് ഇതിനു് നിയമിക്കപ്പെട്ടിട്ടുള്ള താസിൽദാർ ഓരോ കർഷകനേയും സമീപിച്ചു് നിങ്ങളുടെ ആവശ്യം കഴിഞ്ഞു് എത്രനെല്ലു് ഉണ്ടാകും എന്നുള്ളതിനു് കണക്കു് ആവശ്യപ്പെടും. അതനുസരിച്ചു് കർഷകൻ അദ്ദേഹത്തിന്റെ പലവിധ ആവശ്യങ്ങളും പറഞ്ഞു് ആ കർഷകന്റെ ആദായത്തിന്റെ ഏറവും ചെറിയ ഒരു അംശംമാത്രം ബാക്കിയുണ്ടാകുമെന്നു് കാണിക്കുന്ന ഒരു കണക്കു് താസിൽദാരെ എല്പിക്കും. അതുകൊണ്ടു് താസിൽദാർ തൃപ്തിപ്പെടും ഇങ്ങിനെയാണു് ഇവിടെ ഇതുവരെ നടന്നുവന്നിട്ടുള്ളതു്. എന്നുമാത്രമല്ല, ചില സ്ഥാപനങ്ങളേയും, ചില വ്യക്തികളേയും ഇതിൽനിന്നു് ഒഴിവാക്കീട്ടുണ്ടോ എന്നുംകൂടി സംശയിക്കതക്ക വിധത്തിലാണു് പ്രവൃത്തി നടന്നുകാണുന്നതു്. കർഷകന്റെ ആവശ്യങ്ങളും പ്രധാനമായിട്ടു് അദ്ദേഹത്തിന്റെ കുടുംബത്തിലുള്ള വ്യക്തികളുടെ ചിലവിലേക്കുമാത്രമല്ല, പിറന്നാൾ, ചോറൂണു്, ഭഗവതിസേവ, ഗണപതിഹോമം, ശ്രാദ്ധം എന്നിങ്ങിനെയുള്ള അടിയന്തിരങ്ങൾക്കു് വേണ്ടിയും, അദ്ദേഹത്തിന്റെകീഴിൽ വല്ല ക്ഷേത്രങ്ങളുമുണ്ടെങ്കിൽ അതിനും എല്ലാം നെല്ലു് നീക്കിവെക്കാറുണ്ടു്. അതു കുറച്ചൊന്നുമല്ല. ഒരു വലിയ തുകയായിരിക്കും. ഇങ്ങിനെ നെല്ലു് ആദായമുള്ള ആളുകൾക്കു് തങ്ങൾക്കു് ആവശ്യമുണ്ടെന്നു് പറയുന്നേടത്തോളം നെല്ലു് അവരുടെ കൈവശംവെച്ചു് വ്യയം ചെയ്യുന്നതിനു് സന്ദർഭം അനുവദിച്ചു കൊടുക്കുന്നേടത്തോളംകാലം ഈ രാജ്യത്തു നിന്നു് കിട്ടാവുന്നിടത്തോളം നെല്ലു് ശേഖരിക്കുവാൻ സാധിക്കുകയില്ലെന്നുള്ളത് തീർച്ചയാണു്, എന്നുമാത്രമല്ല അതുകൊണ്ടു് മറവ പല വൈഷമ്യങ്ങളും കൂടിയുണ്ടു്. ഒരു ഭാഗത്തു അരികിട്ടാതെ പട്ടിണികിടന്നു വലയുന്ന സമയത്തായിരിക്കും മറൊരു ഭാഗത്തു് ഗംഭീരമായിട്ടുള്ള സദ്യകൾ നടക്കുക. ഈയിടെ ഇങ്ങിനെയുള്ള സദ്യകൾ നടത്തീട്ടുള്ളതിനു് ഉദാഹരണമുണ്ടു്. "While Rome was burning Nero was fiddling" എന്നു് ആരോ പറഞ്ഞിട്ടുള്ളതുപോലെ സാധുക്കൾ ക്ഷണം കഴിക്കാതെ കഞ്ഞികുടിക്കാതെ വലയുന്ന ഘട്ടത്തിൽ, മറവ ചിലസ്ഥലങ്ങളിൽ, ചതുർവിധവിഭവങ്ങളോടുകൂടി രണ്ടുനേരവും സദ്യനടന്നു കാണുകയെന്നുള്ളതു് ഒരിക്കലും ക്ഷമിക്കത്തക്കതല്ല. ഇങ്ങിനെയുള്ള സദ്യകൾക്കും, ഇങ്ങിനെയുള്ള ദുർവ്യയങ്ങൾക്കും വേണ്ടിയാണു് ഓരോ സ്ഥാപനങ്ങളും ഓരോ വ്യക്തികളും തങ്ങൾക്കു് ആവശ്യമുണ്ടെന്നു് പറഞ്ഞു് കൈവശംവെച്ചുകൊണ്ടിരിക്കുന്ന നെല്ലു് വിനിയോഗിച്ചു വരുന്നതു് എന്നു് ശേഖരണവിതരണ കാര്യത്തിൽ പ്രവേശിച്ചിട്ടുള്ളവർക്കും നല്ലപോലെ അറിയാമെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് ഒന്നുകിൽ വിളവു മുഴവൻ ഗവർമ്മേണ്ടു് കൈവശപ്പെടുത്തുക അതല്ലാത്തപക്ഷം ഏതെങ്കിലും ഒരു നിരക്കനുസരിച്ചു് നെല്ലു് ആവശ്യപ്പെടുക. ഒരു പറ നിലം നടക്കുന്ന ഒരാളിൽനിന്നു് ഇത്രപറ നെല്ലു് അല്ലെങ്കിൽ സെറിൽമെണ്ടു്കാലത്തു് നിശ്ചയിച്ചിട്ടുള്ള പാട്ടം എത്രത്തോളമുണ്ടോ അത്രയും നെല്ലു് എന്നോമറെറാ ഏതെങ്കിലും ഒരു വ്യവസ്ഥയനുസരിച്ചോ, നിരക്കനുസരിച്ചോ, സകല വ്യക്തികളിൽനിന്നും സകല സ്ഥാപനങ്ങളിൽനിന്നും നെല്ലു് ശേഖരിക്കുന്നതിനുള്ള ഒരു പദ്ധതി അംഗീകരിക്കുകയാണു് ആദ്യമായിട്ടു ചെയ്യേണ്ടതു്. ഇതിൽനിന്നു് ഒരു വ്യക്തിയേയും ഒരു സ്ഥാപനത്തേയും ഒഴിവാക്കരുതു്. എല്ലാററിനേയും പ്രസ്തുത നിരക്കനുസരിച്ചു് നെല്ലു് വസൂൽ ചെയ്യുന്നതിനു് വിധേയമാക്കണം. (ഹിയർ, ഹിയർ) ഇങ്ങിനെ ഗവർമ്മേണ്ടു് ഒരു വ്യവസ്ഥ സ്വീകരിച്ചു് എത്രത്തോളം നെല്ലു് ശേഖരിക്കാമോ, അത്രത്തോളം ശേഖരിക്കുക. പിന്നീട വിതരണത്തെ സംബന്ധിക്കുന്ന കാര്യമാണു്. വിതരണ സമ്പ്രദായത്തിലും പല വിധത്തിലുള്ള അനീതികളും കാണുന്നുണ്ടു്. ഇപ്പോൾ ര ഇടങ്ങഴി അരിമുതൽ പ ചാക്കു് അരിവരെ വ്യക്തിഭേദമനുസരിച്ചു് വിതരണം ചെയ്യുവരുന്നതായിട്ടു് അനുഭവമുണ്ടു്. ഒരു വ്യക്തിക്കു് ഒരു മാസത്തിൽ ര ഇടങ്ങഴി അരി. മറൊരുവ്യക്തിക്കു് പ ചാക്കു്!! ഇങ്ങിനെ വിതരണം ചെയ്യുന്ന സമ്പ്രദായമാണു് നിലവിലിരിക്കുന്നതു്. ഇതു് ഏതെങ്കിലും നിയമത്തെ മുൻനിറുത്തിയാണൊ എന്നു് നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. പി. പൌലോസ്സ്: അത്ര അധികം കൊടുക്കുന്നുണ്ടോ ?

മിസ്റ്റർ പി. നാരായണമേനോൻ: ഒരു മാസത്തിൽ 6 ചാക്കുവരെ കൊടുക്കുന്നുണ്ട്. അത്രവരെ വിതരണം ചെയ്യുന്നുണ്ട്. ഈ സമ്പ്രദായം നിറുത്തുക. കുറച്ചു വ്യത്യാസങ്ങൾ വരുത്തേണ്ടതു് ആവശ്യമാണ്.

മിസ്റ്റർ വി. കെ. കുട്ടി: ഒരാൾക്കു് ഒരു മാസത്തിൽ രണ്ടു ചാക്കു് അരി കൊടുത്തുവരുന്നുവെന്നു് പറഞ്ഞതു് ശരിയാണോ ?

മിസ്റ്റർ സി. വി. ഇയ്യു: ഒരു വ്യക്തിക്കായിരിക്കയില്ല. ഒരു കുടുംബത്തിനോ, ഒരു സ്ഥാപനത്തിനോ ആയിരിക്കും.

മിസ്റ്റർ പി. നാരായണമേനോൻ: കുറച്ചു കൂടുതൽ ചിലക്കൊക്കെ കൊടുക്കേണ്ട ആവശ്യമുണ്ട്. അതായതു് വെറുതെ ഇരിക്കുന്ന ജന്മികൾക്കൊ, പണിയൊന്നുമെടുക്കാത്ത ധനവ്യാപാരികൾക്കൊ അല്ല നമ്മുടെ സെൻട്രൽ ജെയിലിൽതന്നെ സിമ്പിൾ ഇംപ്രസൻമെണ്ടുകാക്കു് നാലു ഔൺസ്സു് അരി കുറച്ചു കൊടുക്കുന്നുള്ളു. വളരെക്കാലം ഇൻസ്പെക്ടർ ജനറാളായിരുന്നു് പരിചയം സമ്പാദിച്ചിട്ടുള്ള നമ്മുടെ ഫുഡ് കൺട്രോൾ ഡയറക്ടർതന്നെ ഇതു മനസ്സിലാക്കീട്ടുള്ള ഒരു കായ്മാണു്. സിമ്പിൾ ഇംപ്രൂവ്മെണ്ടുകാക്കു് നാലു് ഔൺസ്സു് അരി കുറക്കുവാനുള്ള കാരണം അവക്കു് ജോലിയൊന്നുമില്ലെന്നുള്ളതാണു്. അതുപോലെയാതൊരു ജോലിയും എടുക്കാതെ "ബ്ലസ്സാർഡ്"ഷാ" പറഞ്ഞതുപോലെ ("Owning") ഉടമസ്ഥാവകാശംകൊണ്ടു് ജീവിക്കുന്ന അനവധി ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്. അങ്ങിനെയുള്ളവക്കു് റേഷൻ കുറക്കാം. അവക്കു് സാധാരണക്കാരിൽനിന്നു് സ്വല്പം കുറച്ചു് വിതരണം ചെയ്താൽ ഒരു പോരായ്മയുമില്ല. വേല ചെയ്യുന്ന കഷ്കർമ്മാക്കും തൊഴിലാളികൾക്കും സാധാരണക്കാരേക്കാൾ ഒന്നരമടങ്ങോ, രണ്ടുമടങ്ങോ കൂടുതൽ കൊടുക്കത്തക്ക വ്യവസ്ഥയെ അംഗീകരിക്കുക. അങ്ങിനെ നെല്ലു് ശേഖരിക്കുന്ന കാര്യത്തിലും, അതു വിതരണം ചെയ്യുന്ന കാര്യത്തിലും, പ്രത്യേകം വ്യവസ്ഥകൾ അല്ലെങ്കിൽ പ്രത്യേക നിരക്കുകൾ സ്വീകരിച്ചു്; അതനുസരിച്ചു പ്രവൃത്തിക്കുക. ഇങ്ങിനെ പ്രവൃത്തിക്കാതിരിക്കുന്നേടത്തോളം കാലം ജനങ്ങൾക്കു് ഭക്ഷണനിയന്ത്രണത്തിൽ പ്രവേശിച്ചിട്ടുള്ളവരെക്കുറിച്ചു് പരിപൂർണ്ണമായ വിശ്വാസമുണ്ടാകുമൊ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. പൊതുജനങ്ങളുടെ വിശ്വാസമാണു് ഇതിറ്റെൻറ വിജയത്തിനു് ഏറ്റവും ആവശ്യമായിട്ടുള്ളതു്. ഒരു സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. ഭക്ഷണസാധനങ്ങൾ ശേഖരിക്കുന്നതിനേറയും, വിതരണം ചെയ്യുന്നതിനേറയും ശരിയായ കണക്കുകൾ പ്രസിദ്ധപ്പെടുത്താറില്ല. അങ്ങിനെയിരിക്കെ ശേഖരണവിതരണങ്ങളിൽ വ്യവസ്ഥകളും കൂടി ഇല്ലാതിരിക്കുന്നതു് ഒരിക്കലും ആശാസ്യമല്ല.

പാനൽ ചെയർമാൻ: സമയം.

മിസ്റ്റർ പി. നാരായണമേനോൻ: നാലു മിനിറ്റു്.,.....കൊടുങ്ങല്ലൂർ താലൂക്കിനു് ഒരു പ്രത്യേക ബഡ്ഡറ്റു് ഉള്ളതുപോലെ അരിയുടേയും മറ്റും ശേഖരണവിതരണകാര്യത്തെ സംബന്ധിച്ചേടത്തോളം തൃപ്പൂണിത്തുറക്കു് ചില പ്രത്യേക നിയമങ്ങളും വ്യവസ്ഥകളും ഉള്ളതുപോലെ തോന്നുന്നുണ്ടു്. അതു യഥാർത്ഥത്തിൽ ശരിയാണൊ അല്ലയൊയെന്നുള്ള കാര്യം എനിക്കു് അറിഞ്ഞുകൂടാ. എങ്കിലും നേരിട്ടു് ചില അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ടു്. തൃപ്പൂണിത്തുറയിൽ ഭാഗ്യവശാൽ മൈനർ മുനിസിപ്പാലിറ്റിയൊ, മേജർ മുനിസിപ്പാലിറ്റിയൊ ഇല്ല. എന്നാൽ അതു് ഒരു നഗരമാണെന്നതാണം. അതിനു് ഒരു നഗരമാകുവാനുണ്ടായ ഭാഗ്യത്താലോ, എന്തൊ അവിടെയുള്ളവക്കു് പഞ്ചസാരയും, മണ്ണെണ്ണയും റേഷൻപ്രകാരം വളരെകുറച്ചുമാത്രമേയുള്ള. പട്ടണങ്ങളുടെ പലവിധത്തിലുള്ള ഉപദ്രവങ്ങളും അവിടെയുള്ളവർ അനുഭവിക്കണം. എന്നാൽ നാട്ടിൻപുറത്തുള്ള ആളുകളുടെ റേഷനാണു് അവിടത്തുകാക്കു് കിട്ടിവരുന്നതു്. ഒരു കായ്മത്തിൽ ധൈര്യമുണ്ടു്. അവിടെയുള്ളവക്കു് പ്രമേഹമെന്ന ഒരു സുഖക്കേടുവരുമെന്നു് ഭയപ്പെടേണ്ടതില്ല. പഞ്ചസാര അത്രക്കു് കുറച്ചു കിട്ടുന്നുള്ള.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ചില ദിക്കുകളിൽ കിട്ടാറെയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പട്ടണങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും, പഞ്ചസാരയും മറ്റും ഉപയോഗിക്കുന്നവരുണ്ടു്, അവക്കും പട്ടണങ്ങളിൽ ജീവിക്കുന്നവരെപ്പോലെയുള്ള ഓഹരി കൊടുക്കേണ്ടതാണെന്ന സംഗതിക്കൂടി ഒന്നു ഓർമ്മിച്ചാൽ തരക്കേടില്ല. എനിക്കു് വളരെ അധികം ഈ കായ്ത്തെക്കുറിച്ചു് പറയുവാൻണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ടു് കൂടുതലായി ഒന്നും പറയണമെന്നുദ്ദേശിക്കുന്നില്ല. ഒരു കായ്മും തീച്ചയാണു്, ശ

LIBRARY ARCHIVES Kerala Legislative Assembly

രിയായ നിരക്കും, വ്യവസ്ഥയുമനുസരിച്ച് നെല്ല് ശേഖരിക്കുക, അങ്ങിനെയുള്ള വ്യവസ്ഥയനുസരിച്ച് വിതരണം ചെയ്യുക, വ്യക്തിമാഹാത്മ്യത്തേയും മറവും മുൻനിർത്തി ആക്കും കൂടുതൽ കൊടുക്കാതിരിക്കുക, എല്ലാവക്കും അത്യാവശ്യങ്ങളായ ഉപയോജ്യപദാർത്ഥങ്ങളും കുന്നുപോലെ കിടക്കുകവെിധത്തിലുള്ള നിയമങ്ങളും വ്യവസ്ഥകളും അംഗീകരിക്കുക, ഇങ്ങിനെ ചെയ്താലല്ലാതെ ഈ കാര്യം വിജയപ്രദമാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഈവക സംഗതികളിൽ മേൽ പറയപ്പെട്ടപോലെ പ്രവൃത്തിക്കുവാൻ ഭാവമുണ്ടെങ്കിൽ കരിഞ്ചന്തയേയും, (സ്മഗ്ലിംഗ്) കള്ളച്ചരക്കുകളേയും കച്ചവടത്തേയും ഉൻമൂലനംചെയ്യുവാൻ പ്രത്യേകംപേരിശ്രമിക്കേണ്ടിവരുമെന്ന് തോന്നുന്നില്ല.

പാനൽ ചെയർമാൻ: ഈ പ്രമേയം ഈ സഭക്ക് ഇന്നുതന്നെ കഴിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ പ്രസംഗങ്ങൾ ചുരുക്കേണ്ടിവരും. നാളെ അനുദ്യോഗസ്ഥദിനമാണ്.

മിസ്റ്റർ സി. വി. ഇയ്യു: ഇതു് നാളേക്ക് ആക്കിയാലും വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇത്രയും ഗൌരവമായിട്ടുള്ള വിഷയത്തെസംബന്ധിച്ചു് എത്രസംസാരിച്ചാലും അധികമായിട്ടുതോന്നുകയില്ല. ഓരോ ബഹുമാനപ്പെട്ടമെമ്പർമാക്കും ഓരോതരത്തിലുള്ള അഭിപ്രായങ്ങളും ഉപദേശങ്ങളുപേണ ഗവൺമെണ്ടിനെ ചൂണ്ടികാണിക്കുവാൻ സാധിക്കും. അങ്ങിനെ ഇവിടെ അനവധി പോയിൻറുകളും ഇവിടെ ചൂണ്ടികാണിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും, ഇത്രയും, ഇതിലധികവും, ചൂണ്ടികാണിച്ചാലും അതു് അസ്ഥാനത്തിലാകയില്ലെന്നു് എനിക്ക് നല്ല വിശ്വാസമുണ്ട്. ചൂണ്ടികാണിക്കുന്ന ഓരോ സംഗതിയും ഗവൺമെണ്ടു് അവധാനപൂർവ്വം ആലോചിച്ചു് പ്രവൃത്തിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ആവശ്യംപോലെ റെലവൻറായിട്ടുള്ളതു് മുഴുവൻ പറഞ്ഞുതീർത്തുവെന്നു് വിചാരിച്ചു് ഇതു് ഇന്നുകൊണ്ടവസാനിപ്പിക്കാതെ നാളത്തേക്ക് കൊണ്ടുപോയിട്ട് നല്ലൊരുകൊട്ടികലാശത്തോടുകൂടി അവസാനിപ്പിക്കണമെന്നാണ് എൻെറ അപേക്ഷ.

മിസ്റ്റർ കെ. ജെ. തോമാസ്: ഗവൺമെണ്ടിൽനിന്നും നെല്ല ശേഖരിച്ചു് അതു അരിയാക്കി കൊടുത്തുവരുന്നതിൽ എതാണ്ടു് നാല്പതു ശതമാനം ആദായമെടുക്കുന്നുവെന്നു കേട്ടപ്പോൾ ഈ സഭക്കു് ഒരു ഞെട്ടലുണ്ടായി. അതുമാത്രമല്ല ഒരു ഏഴ ശതമാനംകൂടി ചില സ്ഥലങ്ങളിൽ കൂടുതൽ കൊടുക്കേണ്ടിവരുന്നു എന്നു കേൾക്കുമ്പോൾ എന്തായിരിക്കും ഈ സഭയുടെ മനോഭാവം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മലവെള്ളം ഉണ്ടാകുന്ന ഭാഗങ്ങളിൽ ചെട്ടിവിരിപ്പു് എന്നൊരുതരം നെല്ലുണ്ടു്. ആ നെല്ലിനു് ഏഴ ശതമാനം സ്ക്രീനിംഗേജു് കൊടുക്കണമെന്നു ഗവൺമെണ്ടു നിയമമുണ്ടു്. എന്നാൽ ഗവൺമെണ്ടിൽനിന്നും ആ നെല്ലു് എടുക്കുന്നതിനു് ഒരു കൌശലമാണു പ്രയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നുണ്ടു്. അതായതു് വിളവുകാലത്തു കർഷകരേക്കൊണ്ടു് ഒരു കച്ചീട്ടു് എഴുതിവെപ്പിക്കാറു പതിവുണ്ടു്. ഇത്ര പറ നെല്ലു തന്നുകൊള്ളാമെന്നു് അവരേക്കൊണ്ടു കച്ചീട്ടുവെപ്പിക്കും. അതനുസരിച്ചു നെല്ലെടുക്കുന്ന തഹശീൽദാർ ആരായാലും അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഫെയർ പ്രൈസു് ഷാപ്പുകാരൻെറ കയ്യിൽ ആ കച്ചീട്ടുപ്രകാരമുള്ള നെല്ല വാങ്ങുവാൻ കച്ചീട്ടും കൊടുത്തു് അധികാരപ്പെടുത്തിയയക്കും. ആ ഷാപ്പുകാരൻ വാക്കുംകൊണ്ടു് കർഷകൻെറ അടുത്തുപോയി നെല്ലു് അളന്നെടുക്കും. അയാൾ കൊടുക്കേണ്ടതു ൧൦൦ പറ നെല്ലാണെങ്കിൽ ൧൬൫ പറ നെല്ലു് ആ ഷാപ്പുകാരനു് അയാൾ കൊടുക്കണം. എന്നാൽ ഈ ൧൬൫ പറ നെല്ലിൻെറ വിലയും ഷാപ്പുകാരനിൽനിന്നും ഗവൺമെണ്ടു വസൂൽചെയ്യുന്നുണ്ടു്. അതേസമയംതന്നെ ൧൦൦ പറ നെല്ലിൻെറ വില മാത്രമാണു് കർഷകനു കിട്ടുന്നുള്ളു. ൧൬൫ പറ നെല്ലിൻെറ വിലയെച്ചാണു് അതു വാങ്ങി ഉപയോഗിക്കുന്ന സാധുക്കൾക്കു ഷാപ്പുകാർ വില്ക്കുന്നതു്.

മിസ്റ്റർ ബി. എം. പീററർ: ശരിയാണോ അതു് ? ൧൬൫ പറ നെല്ലിൻെറ അളവു വാങ്ങി ൧൦൦ പറ നെല്ലിൻെറ വില മാത്രമാണു് കർഷകനു കൊടുക്കുന്നതെന്നു പറയുന്നു. അതു ശരിയാണോ ?

മിസ്റ്റർ എം. എം. പോൾ: സാധാരണയായിട്ടു് നെല്ലു് അങ്ങിനെതന്നെ ഫെയർ പ്രൈസു് ഷാപ്പുകാരെ ഏല്പിക്കുകയല്ല പതിവു്. അതു് അരിയാക്കിയതിനുശേഷമേ അവരെ ഏല്പിക്കാറുള്ളു. പക്ഷെ അരി തീരെ ഇല്ലാത്ത വിഷമം വരുമ്പോൾ, ഉടനെ എന്തെങ്കിലും കൊടുക്കേണ്ടതായ അത്യാവശ്യമുള്ള നില വരുമ്പോഴാണു് അങ്ങിനെ നെല്ലായിട്ടു കൊടുക്കാറുള്ളതു്.

മിസ്റ്റർ ബി. എം. പീററർ: കർഷകന്മാക്ക് കൊടുക്കുന്ന വിലയുടെ തോതാണോ ഫെയർ പ്രൈസു ഷാപ്പുകാരോടും ഗവൺമെണ്ടു വാങ്ങുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എം. പോൾ: ചിലപ്പോൾ ചില വ്യത്യാസമെല്ലാം വരുന്നുണ്ട്.

മിസ്റ്റർ ടി. പി. പൌലോസ്: 100 പറ നെല്ല കർഷകന്റെ കയ്യിൽനിന്നെടുത്തു് അയാൾക്ക ഉണക്കിനുള്ള 16 ശതമാനം നെല്ലിന്റെ കുറവുനീക്കി 84 പറ നെല്ലിന്റെ വിലയാണ കൊടുക്കുന്നതു്. എന്നാൽ ഫെയർ പ്രൈസ ഷാപ്പുകാരന്റെ പക്കൽനിന്നും 100 പറയുടേയൊ 84 പറയുടേയൊ ഏതിന്റെ വിലയാണു് ഗവമ്മെണ്ടു വാങ്ങുന്നതു്?

മിസ്റ്റർ എം. എം. പോൾ: ശേഖരിക്കുന്ന നെല്ലു് നെല്ലായിട്ടതന്നെ കൊടുക്കാറില്ല. അതു് അരിയാക്കും. അരിയുടെ സ്റ്റാക്കു വളരെ കുറഞ്ഞുവെന്നു കാണുമ്പോഴാണു് നെല്ലായിട്ടു കൊടുക്കുന്നതു്.

മിസ്റ്റർ ബി. എം. പീറർ: ഈ 16 ശതമാനം കർഷകനു കൊടുക്കുവാൻ പാടില്ലേ? ഇപ്പോൾ ആ 16 ശതമാനം ആർക്കാണ കിട്ടുന്നതു്?

മിസ്റ്റർ എ. ഈച്ചരമേനോൻ: ഈ 16 ശതമാനം കിട്ടിയെന്നുള്ളതിനു കണക്കുണ്ടാകുമോ?

മിസ്റ്റർ സി. വി. ഇയ്യു: ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ നെല്ല കമാണ്ടീയർ ചെയ്യുമ്പോൾ ഈ 16 ശതമാനം കർഷകനല്ലെ നഷ്ടപ്പെടുന്നതു്?

മിസ്റ്റർ ബി. എം. പീറർ: ഈ ചെട്ടിവിരിപ്പു് അടുത്തു് എവിടെയാണ കൃഷിചെയ്തു വരുന്നതു്?

പാനൽ ചെയർമാൻ: ഈ കച്ചവടക്കാർക്കു നെല്ലു് ഉണക്കി നല്ല നെല്ലാക്കിക്കൊടുക്കണമെന്നുള്ള വല്ല ഇൻസ്ട്രക്ഷൻസും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എം. എം. പോൾ: കഴിയുന്നതും നല്ലതായിട്ടാണു് കൊടുത്തുവരുന്നതു്.

പാനൽ ചെയർമാൻ: അത്യാവശ്യം വരുമ്പോൾ നല്ല നെല്ല കൊടുക്കുവാൻ സാധിക്കയില്ലെങ്കിൽ ഒന്നിനു് ഒന്നേകാൽ നെല്ല കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ എം. എം. പോൾ: അതിനെപ്പറ്റി കൺസിഡർ ചെയ്യാം.

മിസ്റ്റർ കെ. ജെ. തോമസ്: അവസാനം ഇതിന്റെ ഫലമെന്താണെന്നുനോക്കുമ്പോൾ സാധുക്കളായ നിത്യോപയോഗക്കാർ ഇതു മുഴുവൻ വഹിക്കേണ്ടതായിട്ടു വരുന്നു. വില കൂടുതൽ കൊടുക്കുക മാത്രമല്ല, അവരുടെ റേഷൻ ഓഹരിയിൽ 16 ശതമാനം കുറവു് അരി മാത്രമേ അവർക്കു കിട്ടുകയും ചെയ്യുന്നുള്ളു.

മിസ്റ്റർ എം. എം. പോൾ: ഇതിൽ വേറെ ഒരു പ്രയാസം കൂടിയുണ്ടു്. നെല്ല പലതരത്തിലാണു്. ആ പലതരം നെല്ലും കൂട്ടിക്കലർത്തിയാണു് കൊടുക്കുന്നതു്.

മിസ്റ്റർ കെ. ജെ. തോമസ്: ഈ 16 ശതമാനം ഷ്രിംഗേജ് വെച്ചിട്ടുള്ളതിന്റെ വിലകുറച്ചു് അളന്നുകൊടുത്താൽ അത്രയുമെങ്കിലും സാധുക്കൾക്കു കിട്ടുകയില്ലേ?

മിസ്റ്റർ എം. എം. പോൾ: ഇന്നത്തെ രീതിയാണു നല്ലതെന്നു തോന്നീട്ടാണു് അങ്ങിനെ ചെയ്യുന്നതു്. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ ബി. എം. പീറർ: എനിക്കു് ഒന്നു രണ്ടു നിർദ്ദേശങ്ങൾ മാത്രമാണു് ഈ സഭമുമ്പാകെ കൊണ്ടുവരുവാനുള്ളതു്. ഷ്റിംഗേജിന്റെ കാര്യം ഇപ്പോൾ ഇവിടെ പറഞ്ഞുകേട്ടു. നെല്ലു് വാങ്ങുന്ന ആളുകൾ നെല്ലിന്റെ ഗുണങ്ങൾ ശരിയായി പരീക്ഷിച്ചിട്ടാണു വാങ്ങിവന്നിരുന്നതു്. എന്നാൽ ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും നെല്ലു് വാങ്ങുവാൻ തുടങ്ങിയപ്പോൾ ആണു് ഈ ശതമാനം നിശ്ചയിച്ചതു്. ഇതിനുമുമ്പുതന്നെ ഈ രാജ്യത്തു നെല്ലു് ധാരാളമായി ക്രയവിക്രയം ചെയ്തിട്ടുണ്ടു്. അവർ അതിനു യാതൊരു തരത്തിലുള്ള കുറവും കൊടുക്കാതെ നല്ല നെല്ലായിട്ടു തരുവാൻ ആവശ്യപ്പെടും. ഉണക്കു പോരെങ്കിൽ ഉണക്കി കൊടുക്കണം; പതിരുണ്ടെങ്കിൽ ആ പതിരു നല്ലപോലെ പോറി കൊടുക്കണം ഇങ്ങിനെയാണു് സാധാരണമായി നെല്ലു് വാങ്ങിയിരുന്നതു്. ഗവമ്മെണ്ടിൽനിന്നും അങ്ങിനെയുള്ള കച്ചവടത്തിനു പുറപ്പെട്ടപ്പോൾ നെല്ലിന്റെ ഗുണം നോക്കാറില്ല. നെല്ലു് എത്ര മോശമാണെങ്കിലും എത്ര നല്ലതാണെങ്കിലും 16 ശതമാനം കൊടുക്കണം. അപ്പോൾ തീച്ചയായിട്ടും ഒരിക്കലും നല്ല നെല്ലു് കിട്ടുവാൻ മാർഗ്ഗമില്ലെന്നു മനസ്സിലാക്കണം. ക്ലിപ്തമായ ഒരു ശതമാനം വെച്ചാലും നല്ല നെല്ലു് ശരിയായ തരത്തിൽ നോക്കിയെടുക്കുവാൻ പരിചയമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നാണു് ഞാൻ ഈ ബഹുമാനപ്പെട്ട സഭയോടാവശ്യപ്പെടുന്നതു്. നല്ല നെല്ലു് തിരഞ്ഞെടുക്കുവാൻ പ്രാപ്തിയുള്ള ഉദ്യോഗസ്ഥന്മാരില്ലെങ്കിൽ അവരെയെല്ലാം ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടണം. പിന്നെ ഇതിൽ മറ്റൊരു സംഗതിയുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിന്റെ ശരിയായ വില കിട്ടാത്ത കാരണത്താലാണ് അതു് കരിഞ്ചന്തയും മറ്റും സൃഷ്ടിച്ചു കാണുന്നതു്. പക്ഷെ അതെല്ലാം നിവൃത്തിക്കുന്നതിനു് ഞാൻ കാണുന്ന ഒരു ഒറ വഴി കൃഷിയുടെ വിളവു കഴിഞ്ഞാൽ ഉടനെ അതിനുള്ള ഒരു കണക്കു ഗവമ്മെണ്ടിലേക്കു കൊടുക്കണം. അതു വെരിഫൈ ചെയ്യുവാനായിട്ടു് ഗവമ്മെണ്ടിൽനിന്നു് ഉദ്യോഗസ്ഥന്മാരെ വെച്ചു കാണുന്നില്ല. ഇപ്പോൾ കന്നിപ്പൂവുകഴിഞ്ഞു തുലാം, വൃശ്ചികം മാസങ്ങൾ കഴിഞ്ഞിട്ടും അതിനു കൊടുത്തിരിക്കുന്ന കണക്കുപ്രകാരം എത്ര നെല്ലാണെന്നോ, അതു ശരിയാണെന്നോ, അവരുടെ ചിലവിലേക്കു വേണ്ടിവരുന്നതു് എത്ര നെല്ലാണെന്നോ ഒരു ഉദ്യോഗസ്ഥനും അറിയുന്നില്ല. എന്റെ അനുഭവം പറയുകയാണെങ്കിൽ കൊച്ചികണയന്തൂർ താലൂക്കിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ജൂറിസ്ഡിക്ഷൻ ചെല്ലാനം തുടങ്ങി പള്ളിപ്പുറംവരേയും മലയാറ്റൂർവരേയും മൂളന്തുരുത്തിവരേയും ഉണ്ടു്. അദ്ദേഹത്തിനു എല്ലാ സ്ഥലത്തും പോയി പരിശോധിക്കുവാൻ ബുദ്ധിമുട്ടുണ്ടു്. ഇങ്ങിനെയുള്ള പ്രദേശങ്ങളിൽ ഒരു ഉദ്യോഗസ്ഥനെ മാത്രംവെച്ചാൽ അദ്ദേഹത്തെക്കൊണ്ടു് എന്തെല്ലാം ചെയ്യുവാൻ സാധിക്കും? അതുകൊണ്ടു് ഇതിനു കുറെക്കൂടി പണം ചിലവാക്കിയാലും തക്ക സമയത്തു് ഒരു മാസത്തിനുള്ളിൽ കണക്കനുസരിച്ചുള്ള മുഴുവനും നെല്ലു് അളന്നുനോക്കി, കണക്കുപ്രകാരമുള്ള വില അവക്കു കൊടുക്കണം.

പല സ്ഥലങ്ങളിലും എക്സൈസ്സു് ഔട്ടുപോസ്റ്റു് വെച്ചുകാണുന്നുണ്ടു്. എന്റെ അഭിപ്രായത്തിൽ അതിന്റെ ഒരാവശ്യവുമില്ല. കഷ്കന്മാരിൽനിന്നും ശരിയായ തരത്തിൽ നെല്ലെടുത്താൽ പിന്നെ നെല്ലു് പുറത്തേക്കു പോകുന്നുണ്ടോ എന്നു നോക്കേണ്ട ആവശ്യമില്ല. അഥവാ അങ്ങിനെ ആരെങ്കിലും പുറത്തേക്കു കൊണ്ടുപോകുന്നുണ്ടെങ്കിൽ അവക്കു് ഈ സാധുക്കളായ പത്തും പന്ത്രണ്ടും ഉറുപ്പിക ശമ്പളം വാങ്ങുന്ന ശിപായിമാരെ പറഞ്ഞിക്കുവാൻ യാതൊരു പ്രയാസവുമുണ്ടാകയില്ല. കായലോരങ്ങളിലുള്ള ഔട്ടുപോസ്റ്റുകളിലെ ശിപായിമാക്കു് ഒരു വഞ്ചിപോലും കൊടുത്തിട്ടില്ല. കരയിൽനിന്നു വിളിക്കയല്ലാതെ അവക്കു നിവൃത്തിയില്ല. വിളിച്ചാൽ വന്നില്ലെങ്കിൽ പിന്നെ വെള്ളത്തിൽ ചാടുകയല്ലാതെ ഒരു വഴിയുമില്ല. വാസ്തവത്തിൽ ഇതു് ഇവിടെ മുമ്പു പറഞ്ഞതുപോലെ വാച്ചുചെയ്യുവാനല്ലാതെ വേറെ യാതൊരു പ്രയോജനവുമില്ല. അവക്കു് ഒരു വഞ്ചിയെങ്കിലും കൊടുക്കണ്ടേ? ബോട്ടു വേണമെന്നൊന്നും ആവശ്യപ്പെടുന്നില്ല. പള്ളിപ്പുറം മുതൽ ഇങ്ങോട്ടു നോക്കിക്കഴിഞ്ഞാൽ അഞ്ചോ പത്തോ ഔട്ടുപോസ്റ്റുകളുണ്ടു്. ഇന്നിന്ന സാധനങ്ങൾ അവർ തടയണമെന്നുണ്ടെങ്കിലും നെല്ലു് കൊണ്ടുപോകയാണെങ്കിൽതന്നെയും ക്രമപ്രകാരം അവർ അതു കടത്തിവിടുകയെ ചെയ്യുള്ളൂ. ഒരുപക്ഷെ വഞ്ചിയിലുള്ളതെല്ലാം ഇറക്കി പരിശോധിക്കണമെന്നു വരുകയാണെങ്കിൽ വലിയ ബുദ്ധിമുട്ടാകുമെന്നുവിചാരിച്ചു് രണ്ടോ നാലോ അണ വാങ്ങിക്കൊണ്ടു് വിട്ടയക്കും. എക്സൈസ്സു് ഔട്ടുപോസ്റ്റിൽപോയി നോക്കിയാൽ പല തരത്തിലുള്ള സാധനങ്ങൾ അതുവഴി പോകുന്നുണ്ടെന്നു കാണാം. കുറെ മത്സ്യം, കുറെ നാളികേരം, കുറെ നെല്ലു് ഇതെല്ലാം അവിടവിടെ കാണാം. അതുകൊണ്ടു് ഇങ്ങിനെയുള്ള ഔട്ടുപോസ്റ്റുകൾ കൂടുതലായി സൃഷ്ടിച്ചിട്ടു് യാതൊരു കാര്യവുമില്ല. വേണ്ടത്തക്കതരത്തിലുള്ള സഹായങ്ങൾ ആ ഉദ്യോഗസ്ഥന്മാക്കു ചെയ്തുകൊടുക്കണം. ഇത്രമാത്രമാണു് എനിക്കു് ഈ സഭയെ ധരിപ്പിക്കുവാനുള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചതു് പ്രമേയത്തിന്റെ അവസാന ഭാഗമായിട്ടാണു കൂട്ടിച്ചേർത്തതു് പ്രമേയം ആകപ്പാടെ Comprehensive ആയി സംഘടിപ്പിക്കാനനുവദിച്ചതിനു ബഹുമാനപ്പെട്ട പ്രസിഡണ്ടവർകളോടു നന്ദിപറയുന്നു. ഞാൻ ഉദ്ദേശിച്ചിട്ടുള്ള വിഷയത്തെക്കുറിച്ചു ബഹുമാനപ്പെട്ട ചിറ്റൂർ തത്തമംഗലം മെമ്പർ വേണ്ടതുപോലെ പറഞ്ഞിട്ടുണ്ടു്. അതിനേക്കാൾ കൂടുതലായി പറയുവാനുള്ളതു മാത്രമെ ഞാൻ ഇപ്പോൾ പറയണമെന്നു് ഉദ്ദേശിക്കുന്നുള്ളൂ. ചിറ്റൂർ താലൂക്കിനെ സംബന്ധിച്ചിടത്തോളം സാധുക്കൾക്കു വിറ്റുവരുന്ന അരിയുടെ വില വേണ്ടിവന്നാൽ കുറെ കുറച്ചും കർഷകന്മാരിൽനിന്നു വാങ്ങുന്നതിന്റെ വില ചിറ്റൂർ താലൂക്കിൽ മാത്രമല്ല തലപ്പിള്ളി, തൃശ്ശിവപേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിലും കുറെക്കൂടി കൂട്ടണമെന്നുള്ളതാണു് എന്റെ അഭിപ്രായം. ഇതുനിമിത്തം ഗവമ്മെണ്ടിനു് വല്ല നഷ്ടവും വരുന്നുണ്ടെങ്കിൽ കൊച്ചീരാജ്യം മുഴുവനും ഒരേതരത്തിൽ വില കൂട്ടണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. കൊച്ചി കണയന്തൂർ താലൂക്കിലും കൊടുങ്ങല്ലൂരിലും പ്രത്യേകിച്ചു കഷ്കന്നു കുറെക്കൂടി വില കൂട്ടിക്കൊടുക്കേണ്ടതു അത്യാവശ്യമാണു്. അരിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കൊച്ചികണയന്തൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളോടു തൊട്ടാണു് നമ്മുടെ അടുത്തുള്ള തിരുവിതാംകൂർ സംസ്ഥാനത്തിന്റെ കിടപ്പു്. ഈ രാജ്യത്തുള്ളതി

LIBRARY ARCHIVES Kerala Legislative Assembly

നേക്കാളും കൂടുതൽ അവക്ക് അരിയുടെ ആവശ്യമുണ്ട്. നമ്മുടെ രാജ്യത്തു ആഭ്യന്തരമായി കിട്ടി വരുന്നതു അരി അവിടെ കിട്ടാത്തതുകൊണ്ടു് ഇവിടെനിന്നു അങ്ങോട്ടു ഒഴുക്കുവാൻ വളരെ സൌകര്യമുണ്ടു്. അതുകൊണ്ടു് ഓരോ താലൂക്കിലേക്കും വില നിയന്ത്രിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു വ്യത്യസ്ത നിരക്കു ഇടേണ്ടതാവശ്യമാണു്. താലൂക്കുവാർ Rate ആയാലും വിരോധമില്ല. അരിയുടെ വില്പന വില കുറച്ചില്ലെങ്കിലും അതു് ഇപ്പോഴത്തെ നിലയിൽത്തന്നെ നിറുത്തിയാൽ മതി. ഗോതമ്പിന്റെ വില എല്ലായിടത്തും കുറെക്കൂടി കുറക്കണം. ഗോതമ്പിൽ ആളുകൾക്കു ആകർഷണമുണ്ടാകണമെങ്കിൽ അതിന്റെ വില ക്രമേണ്ടി കുറക്കുകയാണു വേണ്ടതു്. ഗോതമ്പു ധാരാളമായി ആളുകൾ ഉപയോഗിക്കുന്നതിനും അതുപയോഗിച്ചു ആരോഗ്യം നന്നാക്കുന്നതിനും അരിയുടെ ആവശ്യകത കുറേക്കൂടി കുറയുന്നതും നല്ലതാണു്. നമ്മുടെ രാജ്യത്തുള്ളവരെല്ലാം ഒരു നേരത്തെ ആഹാരം മാത്രം അരികൊണ്ടു തൃപ്തിപ്പെടുമെന്നുണ്ടെങ്കിൽ പുറമെനിന്നു കിട്ടിവരുന്ന കോട്ടാകൊണ്ടു നമുക്കു തൃപ്തിപ്പെടുവാൻ സാധിക്കുമെന്നാണു് എന്റെ എളിയ ബുദ്ധിയിൽ തോന്നുന്നതു്. ജനങ്ങളെല്ലാം വളരെ തലമുറയായി ഭക്ഷിച്ചു ശീലിച്ചിട്ടുള്ളതിൽനിന്നും ആകസ്മികമായി ഒരു വ്യത്യാസം വരുത്തുവാൻ എളുപ്പം സാദ്ധ്യമല്ല. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കും പൊതുജനനേതാക്കളെന്നഭിമാനിക്കുന്ന നമ്മൾക്കുതന്നേയും, നല്ല സ്ഥിതിയിലും നിലയിലും കഴിഞ്ഞുകൂടുന്ന മറവുള്ളവർക്കും അവരുടെ ഭക്ഷണത്തിന്റെ കാര്യത്തിൽ പരിവർത്തനം വരുത്തുവാൻ സാധിച്ചേക്കും. അവർ അവരുടെ ഭക്ഷണത്തിൽ അരിയുടെ തോതു കുറച്ചു് ഗോതമ്പു് അധികമായി തിന്നുകയും, അരിമാത്രം കൊണ്ടല്ലാതെ കഴിക്കുവാൻ നിവൃത്തിയില്ലാത്ത ആളുകൾക്കു് അരി കൂടുതലായി വിട്ടുകൊടുക്കുകയും ചെയ്യേണ്ടതാണു്. ഇതാണു് ഈ വിഷയത്തിൽ എനിക്കു് ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരോടും പൊതുജനങ്ങളോടും അഭ്യർത്ഥിക്കുവാനുള്ളതു്. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞു ഇതെല്ലാം സർക്കാർ ഉദ്യോഗസ്ഥന്മാരെ എല്പിക്കാതെ കച്ചവടക്കാരെ ഏല്പിക്കുകയാണു് നല്ലതു് എന്നു്.

മിസ്റ്റർ എ. ബി. സേലം: ഞാൻ അങ്ങിനെയല്ല പറഞ്ഞതു്.

മിസ്റ്റർ സി. വി. ഇയ്യു: അങ്ങിനെയുള്ള ഒരു സൂചനയായിട്ടു എനിക്കു തോന്നി.

മിസ്റ്റർ എ. ബി. സേലം: ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരെക്കൊണ്ടു് പോരാ എന്നാണു ഞാൻ പറഞ്ഞതു്. ഗോതമ്പു് കഴിക്കണമെന്നൊന്നും ഞൻ പറഞ്ഞില്ല.

മിസ്റ്റർ സി. വി. ഇയ്യു: യഥാർത്ഥത്തിൽ ഗവർമ്മെണ്ടു കച്ചവടക്കാരുടെ കയ്യിൽ അരി വില്പന ഏല്പിക്കാതെ ക ഹ വു-ലെ ആദ്യകാലങ്ങളിലും ക ഹ ഒ അവസാനകാലങ്ങളിലും കഴിച്ചുകൂട്ടിയിരുന്നെങ്കിൽ ഉപ്പോഴും ഇത്രയും പ്രയാസമുണ്ടാകുമായിരുന്നില്ല. സർക്കാരുദ്യോഗസ്ഥന്മാർ കച്ചവടത്തിൽ പരിചയമില്ലാത്തവരാണെങ്കിലും ഒരു കൊല്ലമോ ആറു മാസമോ സർക്കാർ ഉദ്യോഗസ്ഥന്മാർ കച്ചവടത്തിൽ ഇടപെട്ടവരുന്നതുകൊണ്ടു ബുദ്ധിയുള്ളവർക്ക് ആ വിഷയത്തിലും പ്രാപ്തന്മാരാകാവുന്നതാണു്.

മിസ്റ്റർ എ. ബി. സേലം: ഹിൽപാഡി നടത്തിയതു കണ്ടില്ലേ?

മിസ്റ്റർ സി. വി. ഇയ്യു: ഹിൽപാഡിയെക്കുറിച്ചു പറയുന്നതു് (Relevant) റിലവൻറല്ലെങ്കിലും സിൻറിൽനിന്നും ബല്ലൂചിസ്ഥാനിൽനിന്നും അരി കൊണ്ടുവന്നതിനേക്കാൾ ഹിൽപാഡിയിൽ കൃഷിചെയ്തുണ്ടാക്കിയ നെല്ലിന്റെ അരിക്കു് വില കൂടീട്ടില്ല.

പഞ്ചസാര കൊടുക്കേണ്ട കാര്യത്തിനായി ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട റവന്യൂമെമ്പറും ഒന്നിച്ചു് കൊച്ചീരാജ്യത്തുള്ള എല്ലാ താലൂക്കുകളിലേയും തലസ്ഥാന പട്ടണങ്ങളിലും സഞ്ചരിക്കുകയും, പഞ്ചസാര വിതരണത്തിന്നായി ഒരു പദ്ധതി രൂപീകരിക്കുകയും ചെയ്തിരുന്നു. അതനുസരിച്ചു എല്ലാ വില്ലേജിലേയും ആളുകളിൽനിന്നും പഞ്ചസാരയുടെ അപേക്ഷകൾ ആവശ്യപ്പെടുകയും അവക്കു് റേഷൻ കാർഡുകൾ കൊടുക്കുന്നതിനെപ്പറ്റി നിശ്ചയിക്കുകയും ചെയ്യുവാൻ ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. അതു എങ്ങിനെ അവസാനിച്ചുവെന്നു എനിക്കറിവില്ല. അതിൽ കുറെ ന്യൂനതകളുണ്ടായിരിക്കാമെങ്കിലും. അതുപോലെയുള്ള ഒരു പദ്ധതി വളരെ നല്ലതാണു്. ഞാൻ എറണാകുളത്തുനിന്നു മൂന്നു നാഴിക ദൂരമുള്ള ഒരു ദിക്കിൽ എന്റെ എളിയ ഔദ്യോഗിക പര്യടനവേളയിൽ ഒരു ഗ്രാമീണ ചായപീടികയിൽ ചായകുടിക്കാൻ കയറിഇരിക്കെ ഒരാൾ പത്തോ പത്തുണ്ടോ റാത്തൽ പഞ്ചസാര കൊണ്ടുവന്നു വില്ക്കുന്നതുഞാൻ കണ്ടു. വെറും ഒരു സാമാന്യന്റെ നിലയിൽ അതിന്റെ വില വിവരങ്ങൾ ചോദിച്ചപ്പോൾ ശരിയായ വിലയിൽനിന്നു വില്ക്കുന്ന ആൾക്കു് റാത്തലൊന്നുക്കു് ഒരണവീതം കൂടുതൽ കിട്ടുമെന്നാണു് മനസ്സിലായതു്. ഇങ്ങിനെ അനർഹന്മാരായിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവക്കും പഞ്ചസാര കൊടുത്തുവരുന്നതുനിമിത്തമാണ് ഇത്തരം പഞ്ചസാരക്കരിഞ്ചന്ത ഉണ്ടാകുന്നതു്. സാധുക്കളായ കുട്ടികൾക്കു പഞ്ചസാര അധികം കൊടുക്കണമെന്നു ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പറവർകൾ പറഞ്ഞു. സാധുക്കൾക്കു പഞ്ചസാര ധാരാളം ആവശ്യമാണെന്നുണ്ടെങ്കിൽ അവർ ചക്കര ഉപയോഗിക്കട്ടെ. ഷുഗർ എന്ന സാധനം ചക്കരയിലുമുണ്ടു്, ശക്കരയിലുമുണ്ടു്.

മിസ്റ്റർ എ. ബി. സേലം: ചക്കരക്കു് ആറണയോളം വില കൊടുക്കണം.

മിസ്റ്റർ സി. വി. ഇയ്യു: ഇനി (Tapioca) ടാപ്പിയോക്കാ നിയന്ത്രണത്തെപ്പറ്റി പറയാം. ടാപ്പിയോക്കാ (Tapioca) കൃഷിചെയ്യുണ്ടാക്കി അതിൽനിന്നും അമിതലാഭം എടുക്കുന്നതു ശരിയല്ല. അതിന്റെ വിലനിയന്ത്രണം എടുത്തുകളയണം എന്നു പറയുന്നതു ന്യായമല്ലെങ്കിലും കൂടുതൽ വില നിശ്ചയിക്കാത്തതു ശരിയല്ല. ഒരു കൊല്ലംവരേയും കൊള്ളിക്കിഴങ്ങു് പറിക്കാതിരുന്നാൽ ദൈവഗത്യാ എലി തിന്നില്ലെങ്കിൽ കിഴങ്ങു നമുക്കു കിട്ടും.

മിസ്റ്റർ വി. കെ. കുട്ടി: മരമാകും.

മിസ്റ്റർ സി. വി. ഇയ്യു: ഒരു കൊല്ലംവരേക്കും നന്നായിരിക്കുമെന്നാണു് തോന്നുന്നതു്.

മിസ്റ്റർ എ. വി. മൂത്തേടൻ: എടുത്തുനോക്കുമ്പോൾ കിട്ടുന്നതു മരമായിരിക്കും

മിസ്റ്റർ സി. വി. ഇയ്യു: ഏതായാലും ഒരു കൊല്ലംവരെയ്ക്കും വെച്ചിരിക്കാൻ കഴിയുമെന്നാണു് എനിക്കു തോന്നുന്നതു്. ഇക്കാലത്തു കൊള്ളിക്കിഴങ്ങിനു സാധാരണ വിലയെക്കാൾ കൂടുതൽ വേണമെന്നുള്ളതു തീച്ചയാണു്. പക്ഷെ കഴിവുള്ളിടത്തോളം കുറഞ്ഞ വിലയായിരിക്കണം അതിനു നിശ്ചയിക്കേണ്ടതു്. കൊള്ളിക്കിഴങ്ങു് സൂക്ഷിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മുകുന്ദപുരം ഈഴവമെമ്പർ ഒരു മാർഗ്ഗം ഇവിടെ പറയുകയുണ്ടായി. അങ്ങിനെ ചെയ്യുവാൻ സാധിക്കുമോ എന്നു നോക്കണം. കൃഷി ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാർ തീർച്ചയായും അതു പരീക്ഷിച്ചുനോക്കേണ്ടതാണു്. ഞാൻതന്നെ ഈ അടുത്ത കാലങ്ങളിൽ ചിങ്ങം, കന്നി മാസങ്ങളിൽ കൊള്ളിക്കിഴങ്ങു് വേരുപൊട്ടാതെ മണ്ണിൽ കഴിച്ചിട്ടു ൬ ദിവസംവരേക്കും അവസാന സമയംവരെ യാതൊരു കേടും കൂടാതെ സൂക്ഷിച്ചിട്ടുണ്ടു്.

മിസ്റ്റർ എ. വി. മൂത്തേടൻ: ഒരാഴ്ചകഴിഞ്ഞാൽ കേടുവരും. അതുവരെ വേണമെങ്കിൽ കഷ്ടിച്ചു നില്ക്കും.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ അനുഭവംകൊണ്ടാണു പറയുന്നതു്. കൊള്ളിക്കിഴങ്ങിൽതന്നെ പലതരമുണ്ടു്. അതിനെപ്പറ്റിയും കൂലങ്കുഷമായി ഗവമ്മെണ്ടു അന്വേഷിക്കണം. വേനൽക്കാലത്തു കമാണ്ടിയർ ചെയ്താൽ വെട്ടിയുണക്കുവാൻ സൌകര്യമായിരിക്കും. വഷ്ക്കാലത്തു മണ്ണിൽ കഴിച്ചിട്ടാൽ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കേണ്ടതാണു്.

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly